# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവനന്തപുരം
No.1541/R1/2021/KDRB 17.05.2022

## അറിയിപ്പ്

ഗുരുവായൂർ ദേവസ്വത്തിലെ ഡ്രൈവർ ഗ്രേഡ് II (കാറ്റഗറി നമ്പർ 21/2020), മലബാർ ദേവസ്വത്തിലെ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (കാറ്റഗറി നമ്പർ 44/2020) എന്നീ തസ്തികകളിലേയ്ക്ക് 21.11.2021 ൽ നടത്തിയ പൊതു ഒ.എം.ആർ പരീക്ഷയുടെയും 29.04.2022, 30.04.2022 തീയതികളിൽ നടത്തിയ ഡ്രൈവിംഗ് ടെസ്റ്റിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സാധ്യത പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന **23/05/2022 ന്** തിരുവനന്തപുരത്തുള്ള **കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ വച്ച്** നടത്തുന്നതാണ്. **ഗുരുവായൂർ ദേവസ്വത്തിലെ ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്ക് 23.05.2022ന് രാവിലെ 9.30നും മലബാർ ദേവസ്വം ബോർഡിലെ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് അന്നേദിവസം ഉച്ചക്ക് ഒരു മണി മുതലുമാണ് സർട്ടിഫിക്കറ്റ് പരിശോധന.** സാധ്യത പട്ടികകളിലെ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ അതേ ക്രമത്തിലായിരിക്കും വെരിഫിക്കേഷൻ നടത്തുക. സാധ്യത പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും ഇത് സംബന്ധിച്ച കത്ത് അയച്ചിട്ടുണ്ട്. ഓരോ രജിസ്റ്റർ നമ്പറിനും നിശ്ചയിക്കപ്പെട്ട സമയത്ത് ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും കോപ്പിയും സഹിതം പരിശോധനയ്ക്ക് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. യാതൊരു കാരണവശാലും സർട്ടിഫിക്കറ്റ് വെരിഫിക്കേഷനും പ്രമാണങ്ങൾ ഹാജരാക്കുന്നതിനും സമയപരിധി നീട്ടിനൽകുന്നതല്ല. വെരിഫിക്കേഷൻ തീയതി, സമയം, സ്ഥലം ഇവ സംബന്ധിച്ച വിശദാംശങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kdrb.kerala.gov.inൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്